**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - സേനാപതി ഗ്രാമപഞ്ചായത്ത് - ട്രാക്ടർ അപകടത്തിൽ മരണമടഞ്ഞ ബാബുവിന്റെ അനന്തരാവകാശികൾക്ക് ബഹു. കോട്ടയം മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ വിധിച്ച നഷ്ടപരിഹാര തുക പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ഈടാക്കുന്നതിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 1082, 2198 & ഒ.എ.(ഇകെഎം) 1204/2016-ന്മേലുള്ള 29.06.2017-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3256/2018/തസ്വഭവ    തീയതി, തിരുവനന്തപുരം, 28.12.2018

================================================================================

പരാമർശം: 1. ബഹു. കോട്ടയം മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണലിന്റെ ഒ.പി. (എം.വി) നം.1638/09 നമ്പർ കേസിന്മേലുള്ള 18.01.2012-ലെ വിധിന്യായം

2. 07.11.2014-ലെ 64396/ഇപിബി2/2014/തസ്വഭവ നമ്പർ സർക്കാർ കത്ത്
3. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.01.2016-ലെ സി4-3729/15 നമ്പർ നടപടിക്രമങ്ങൾ
4. പഞ്ചായത്ത് ഡയറക്ടറുടെ 21.03.2016-ലെ ജി1-25004/15 നമ്പർ കത്ത്
5. 31.10.2016-ലെ ഇപിബി2/27/2016/തസ്വഭവ നമ്പർ സർക്കാർ കത്ത്
6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 1082, 2198 & ഒ.എ.(ഇകെഎം) 1204/2016-ന്മേലുള്ള 29.06.2017-ലെ വിധിന്യായം

**ഉത്തരവ്**

സേനാപതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.06-എ/6610-ാം നമ്പരായുള്ള ട്രാക്ടർ 31.01.2009-ാം തീയതി അപകടത്തിൽപ്പെടുകയും അപകടത്തിൽ ഡ്രൈവറോടൊപ്പം വാഹനത്തിലുണ്ടായിരുന്ന ബാബു എന്നൊരാൾ മരണപ്പെടുകയും ചെയ്തതിൽ ബാബുവിന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ബഹു. കോട്ടയം മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ 7,20,500/- രൂപ നഷ്ടപരിഹാരവും കൂടാതെ 7.5% പലിശയും നൽകണമെന്ന് ഉത്തരവായിട്ടുണ്ട്.

ബഹു. കോടതി വിധി പ്രകാരം ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള തുകയായ 10,59,621/- രൂപ സർക്കാരിൽ നിന്നും നല്കാൻ കഴിയില്ലായെന്നും അപകടത്തിൽപ്പെട്ട വാഹനത്തിന്റെ ഇൻഷ്വറൻസ് തുക യഥാസമയം പുതുക്കാതിരുന്നതിനാലാണ് ഇത്രയും ഭീമമായ തുക ഗ്രാമപഞ്ചായത്ത് നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം സംജാതമായതെന്നും ആയതിനാൽ ഉത്തരവാദികളായ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി കോടതിവിധി നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു

തുടർന്ന് ബന്ധപ്പെട്ട ജീവനക്കാരെ നിർണ്ണയിച്ച് ഓരോരുത്തരും അടയ്ക്കേണ്ട തുക നിർണ്ണയിച്ച് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടികൾ സ്വീകരിച്ചു വരുന്നതിനിടയിൽ ആശ്രിതർക്ക് ക്ലെയിം അനുവദിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകൾ ബഹു. കോട്ടയം മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ മരവിപ്പിച്ചിട്ടുള്ള

സാഹചര്യത്തിൽ തനത് വരുമാനം കുറവായ സേനാപതി ഗ്രാമപഞ്ചായത്തിന് പരേതന്റെ ആശ്രിതർക്ക് നൽകാനുള്ള 10,59,621/- രൂപ കണ്ടെത്താൻ കഴിയുകയില്ലെന്നും ആയതിനാൽ ആവശ്യമായ തുക സർക്കാരിൽ നിന്നും അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ഇക്കാര്യത്തിൽ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക സർക്കാരിൽ നിന്നും നൽകാൻ കഴിയില്ലെന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ അനുവദിച്ച തുകയിൽ നിന്നോ കണ്ടെത്തേണ്ടതാണെന്നും പരാമർശം (5) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

വാഹനം യഥാസമയം ഇൻഷുറൻസ് പുതുക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് പഞ്ചായത്ത് നഷ്ടപരിഹാരം നൽകേണ്ട അവസ്ഥയുണ്ടായത്. 1999-2000 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിപ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിനായി വാങ്ങിയ ട്രാക്ടർ കൃഷി ഓഫീസർ പഞ്ചായത്തിന് കൈമാറുകയും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 28.02.2001-നു ശേഷം ട്രാക്ടർ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും ഉണ്ടായതായി കാണുന്നില്ലെന്നും വാഹനത്തിന്റെ ലോഗ്ബുക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്നും ട്രാക്ടറിന്റെ ഇൻഷുറൻസ് കാലാവധി 25.02.2002-ൽ അവസാനിച്ചിട്ടുള്ളതാണെന്നും 26.02.2002 മുതൽ ഇൻഷുറൻസ് പുതുക്കിയിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പരാമർശം (2) പ്രകാരം ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും തുക വസൂലാക്കുന്നതിനു സർക്കാർ നിർദേശം നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ 26.02.2002 മുതൽ അപകടം നടന്ന 31.01.2009 വരെയുള്ള കാലയളവിലെ പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും തുക ഈടാക്കുന്നതിനായി അവരവരുടെ ആനുപാതികമായ തുകകൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവാകുകയുണ്ടായി.

പരാമർശം (3) ഉത്തരവ് പ്രകാരം, നോട്ടീസ് ലഭിച്ച പഞ്ചായത്ത് സെക്രട്ടറിമാരിൽ ചിലർ തുക ഒടുക്കുകയും മറ്റു ചിലർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ബന്ധപ്പെട്ടവരെയെല്ലാം നേരിൽ കേട്ട് തീരുമാനമെടുക്കാൻ നിർദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ബഹു ട്രിബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവായിട്ടുണ്ട് :-

"All these shows that the matter requires reconsideration at the hands of the authorities. Annexure A9 order ( Notice issued by the DDP by fixing the liability ) cannot be sustained for the simple reason that it is issued in violation of the principles of natural justice. Since Annexure A9 order is issued only on the basis of the direction of the Government., it will be proper that the Government themselves have a re-look into the matter. Since the applicant in O A No 2198/16 has already approached the Government in Annexure A17 representation dated 19/9/2016, I think it appropriate to direct the government to consider the matter afresh. The contention of the appliciant in OA No. 2198/16 that the vehicle was used un-authorisedly without his knowledge and consent and his statement in Annexure A14 that it was at the instance of the then President of the panchayath also should be seriously considered by the Government. Applicants in O A No 10082/16 and OA (EKM) No 1204/16 may, if so advised, submit representations before the Government for consideration. The first respondent shall consider the matter with notice to the applicants and others, if any, likely to be affected and also to the Panchayath and the Deputy Director of Panchayats, Idukki. Final order in the matter shall be passed within 3 months from the date of receipt of a copy of this order. Annexure A 12 in O A No.1082/2016 and Annexure A9 in OA No 2198/16 (Order No C4-3729/15 dated 13/01/2016 of the DDP, Idukki) and the consequential orders are set aside".

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.10.2017-ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു. പ്രസ്തുത അവസരത്തിൽ വാഹനത്തിന് ഇൻഷ്വറൻസ് പുതുക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ലെന്ന് സ്ഥാപിക്കുവാൻ ശ്രമിച്ചു. കുറ്റാരോപിതരായ പഞ്ചായത്ത് സെക്രട്ടറിമാരെ നേരിൽ കേട്ടതിൽ ചുവടെ പറയുന്ന കാര്യങ്ങൾ വ്യക്തമായി.

1) പഞ്ചായത്തിൽ ഡ്രൈവർ തസ്തികയില്ലാതിരുന്നിട്ടും പഞ്ചായത്ത് ജീവനക്കാരല്ലാത്ത തമ്പി എന്നയാൾ ബാബു എന്നയാളെയും കൂട്ടി വാഹനം നിരത്തിലിറക്കുകയും അപകടത്തിൽപ്പെടുകയും വാഹനത്തിൽ ഒപ്പമുണ്ടായിരുന്ന ബാബു എന്നയാൾ മരണപ്പെടുകയും ചെയ്തു.
2) മരണപ്പെട്ടയാളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എം.എ.സി.ടി. വിധിച്ച തുക പഞ്ചായത്ത് തന്നെ നൽകുന്നതിനും പ്രസ്തുത തുക വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിമാരിൽ നിന്നും ഈടാക്കുന്നതിനും, സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തർക്കും തുക നിശ്ചയിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവാകുകയും റവന്യൂ റിക്കവറി നടപടി ആരംഭിക്കുകയും ചെയ്തു.
3) ഉപയോഗത്തിലില്ലാത്ത വാഹനത്തിനു ഇൻഷ്വറൻസ് പുതുക്കേണ്ടതില്ലായെന്നു മോട്ടോർവാഹന നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും അതിനാൽ തങ്ങൾ ഉത്തരവാദികളല്ലായെന്നുമാണ് പ്രധാനമായും പഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചിരിക്കുന്നത്. എന്നാൽ ഉപയോഗത്തിലില്ലാത്ത വാഹനത്തിനു ഇൻഷ്വറൻസ് പുതുക്കേണ്ട ആവശ്യമില്ലായെങ്കിലും ഇൻഷ്വറൻസ് ഇല്ലാതെ വാഹനം നിരത്തിലിറക്കുന്നതു കുറ്റകരമാണ്.
4) വാഹനം നിരത്തിലിറക്കുന്നതിനു പഞ്ചായത്ത് പ്രസിഡന്റോ സെക്രട്ടറിയോ അനുമതി നല്കിയിരുന്നില്ലായെന്ന നിലപാടിലാണ് പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റും ഉറച്ചു നിൽക്കുന്നത്. അന്നേ ദിവസം ട്രെയിനിങ്ങിലായിരുന്നുവെന്നും വാഹനം സൂക്ഷിച്ചിരുന്ന ഷെഡിന്റെ താക്കോൽ പ്യൂണിനെ ഏല്പിച്ചിരുന്നുവെന്നുമാണ് അന്നത്തെ സെക്രട്ടറി അനീബക്കുട്ടി അറിയിച്ചിരിക്കുന്നത്.
5) വാഹനം നിരത്തിലിറക്കി അപകടമുണ്ടാക്കിയ തമ്പിക്കെതിരെ പോലീസ് കേസ് എടുത്തുവെങ്കിലും കോടതി വെറുതെവിടുകയുണ്ടായി.
6) കോടതിയിൽ കേസ് ശരിയാംവണ്ണം പ്രതിരോധിക്കുന്നതിന് ആവശ്യമായ വസ്തുത വിവരണപത്രിക നൽകുന്നതിൽ പഞ്ചായത്ത് വീഴ്ചവരുത്തി. അതിനു ചുമതലപ്പെട്ട അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ജോസഫ് 2015-ൽ സേവനത്തിലിരിക്കെ മരണപ്പെട്ടു.
7) ഇൻഷ്വറൻസ് പുതുക്കുന്നതിന് വീഴ്ച വരുത്തിയെന്ന കാരണത്താൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2002-2009 കാലയളവിൽ ജോലിനോക്കിയിരുന്ന പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ആനുപാതികമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തുക നിശ്ചയിച്ചത് അവർക്കു നോട്ടീസ് നൽകി അവരുടെ ഭാഗം കേൾക്കാതെയായിരുന്നു.

ട്രാക്ടർ അപകടം നടക്കുന്ന ദിവസം അന്നത്തെ സെക്രട്ടറി ശ്രീ. അനീബക്കുട്ടി ഒരു ദിവസത്തെ ട്രെയിനിങ്ങിയിലായിരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ശ്രീ. അനീബക്കുട്ടി സമർപ്പിച്ച വിശദീകരണത്തിൽ 29.01.2009 മുതൽ 31.01.2009 വരെ തൊടുപുഴ IMG യിൽ ട്രെയിനിംഗിൽ പങ്കെടുക്കുകയായിരുന്നുവെന്നും ശ്രീ. സിജോ വി ജോൺ ആയിരുന്നു പ്യൂൺ എന്നും, ശ്രീ. അനിബക്കുട്ടി ജോലി നോക്കിയിരുന്ന കാലയളവിലല്ല പദ്ധതി പണം ഉപയോഗിച്ച് വാഹനം അറ്റകുറ്റപ്പണി നടത്തിയതെന്നും ബോധിപ്പിച്ചു.

അപകടം നടന്ന ദിവസം പ്യൂണിന് വാഹനത്തിന്റെ താക്കോൽ ഏല്പിച്ചിരുന്നുവെന്ന് അനീബക്കുട്ടി അറിയിച്ചിട്ടുണ്ട്. ശ്രീ. സിജോ വി. ജോൺ ആയിരുന്നു ഓഫീസ് പ്യൂൺ എന്ന് സെക്രട്ടറി ശ്രീ. അനീബക്കുട്ടി അറിയിച്ചിട്ടുണ്ട്. പ്യൂണിന് താക്കോൽ നല്കുവാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. പദ്ധതിപ്പണം ഉപയോഗിച്ച് (25,000/- രൂപ) അപകടം നടന്ന വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്പെടുത്തിയിരുന്നുവെന്ന് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ട്രാക്ടർ അപകടം നടന്ന 31.01.2009-ൽ ശ്രീ. അനീബക്കുട്ടി ഐ.എം.ജി. തൊടുപുഴയിൽ നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്തിരുന്നതായും എന്നാൽ ശ്രീ. അനീബക്കുട്ടി ബോധിപ്പിച്ചതിന് വിരുദ്ധമായി പ്യൂൺ 19.12.2008 ൽ സ്ഥലം മാറി പോവുകയും തുടർന്ന് 2009 ജനുവരി മാസം വരെ ടി തസ്തിക ഒഴിഞ്ഞ് കിടക്കുകയായിരുന്നുവെന്നും കൂടാതെ പദ്ധതി പണം ഉപയോഗിച്ച് ട്രാക്ടറിന് അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച യാതൊരു രേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്പെടുത്തിയിരുന്നുവെന്ന അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിന്റെ വാക്കുകൾ വ്യക്തമാക്കുന്നത് ഇൻഷുറൻസ് ഇല്ലാത്ത വാഹനം ഉപയോഗത്തിലായിരുന്നുവെന്നാണ്. 19.12.2009-ൽ സ്ഥലം മാറിപ്പോയ ഓഫീസ് പ്യൂൺ ശ്രീ. സിജോ വി ജോൺ പക്കൽ അന്നത്തെ സെക്രട്ടറി ശ്രീ. അനീബക്കുട്ടിക്ക് 29/1/2009 ൽ പരിശീലനത്തിനു പോകും മുമ്പ് താക്കോൽ കൈമാറാൻ നിർവാഹമില്ല. പദ്ധതി പണം ഉപയോഗിച്ച് ട്രാക്ടറിന് അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച യാതൊരു രേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിന് തെളിവില്ല. അഥവാ അറ്റകുറ്റപ്പണി നടത്തിയിരുന്നുവെങ്കിൽപോലും ഇൻഷുറൻസ് ഇല്ലാത്ത വാഹനം നിരത്തിലിറക്കുന്നതിന് നിയമം അനുവദിക്കുന്നില്ല. ഇൻഷുറൻസ് ഇല്ലാത്ത വാഹനം ഉപയോഗത്തിലായിരുന്നുവെന്നതിനാൽ തന്നെ ഇൻഷുറൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്ന അക്കാലയളവിലെ പഞ്ചായത്ത് സെക്രട്ടറിമാർ നിരുത്തരവാദപരമായാണ് പ്രവർത്തിച്ചത്. സേനാപതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.06-എ/6610 നമ്പർ ട്രാക്ടർ അപകടത്തിൽ മരണമടഞ്ഞ ബാബുവിന്റെ ആശ്രിതർക്ക് ബഹു. കോട്ടയം മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ വിധിച്ച നഷ്ടപരിഹാര തുകയായ 10,59,621/- രൂപ ഉത്തരവാദികളായി കണ്ടെത്തിയ 2002 മുതൽ 2009 വരെ കാലയളവിലെ പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ഈടാക്കുന്നതിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ് നിലനിർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ മേൽ പരാമർശിത വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സേനാപതി ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/27/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ